## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2485 — 19.06.2013 -ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികളുടെക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികൾക്ക് ജോബ് കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവർക്ക് എന്തെങ്കിലും രീതിയിലുള്ള രജിസ്ട്രേഷൻ നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിനു കീഴിൽ ആരംഭിച്ചിട്ടുള്ള കേരള കുടിയേററ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവരെ നിർബന്ധമായി രജിസ്റ്റർ ചെയ്ത് ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) അന്യ സംസ്ഥാന തൊഴിലാളികൾ ഏത് സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്; ഇവർക്കെതിരെയുള്ള ഏജൻറുമാരുടെ ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) തൊഴിൽ വകുപ്പിന് വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ പ്രധാനമായും ഉത്തർപ്രദേശ്, ആസ്സാം, പശ്ചിമബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളാണ് വരുന്നത്. ഏജൻറുമാരുടെ ചൂഷണം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇവർക്കും അംഗത്വം നൽകുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ ? | (സി) ഇല്ല. |

സെക്ഷൻ ആഫീസർ.